# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി ഉജ്ജ്വല യോജന ഉപഭോക്താക്കൾക്കുള്ള സബ്സിഡി തുടരാൻ കേന്ദ്ര മന്ത്രിസഭായോഗ തീരുമാനം; സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി 4,200 കോടി രൂപ അനുവദിച്ചു.

   **Subsidy for beneficiaries of the Pradhan Mantri Ujjwala Yojana to continue, says Union Cabinet. ₹4,200 crore allocated for the development of technical education institutions.**

2. റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി സംസാരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി; ഇന്ത്യ- റഷ്യ സഹകരണം മെച്ചപ്പെടുത്താൻ പ്രതിജ്ഞാബദ്ധമെന്ന് ഇരു നേതാക്കളും.

   **Prime Minister Narendra Modi talks to Russian President Vladimir Putin; Both leaders reaffirm commitment to strengthening India-Russia cooperation.**

3. ഏഷ്യയിലെതന്നെ ഏറ്റവും നീളം കൂടിയ ചരക്ക് തീവണ്ടിയുടെ പരീക്ഷണ ഓട്ടം വിജയകരമാക്കി ഇന്ത്യൻ റെയിൽവേ.

   **Indian Railways successfully conducts trial run of Asia's longest freight train.**

4. ഉത്തരകാശിയിൽ ധരാലി മേഖലയിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു; ഇതുവരെ അറുനൂറോളം പേരെ രക്ഷപ്പെടുത്തി.

**Relief and rescue operations continue on a war footing in disaster affected Dharali area of Uttarakhand; More than 600 people rescued so far.**

5. **കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും നാളെയും തുറന്നു പ്രവർത്തിക്കും; കരട് വോട്ടർപട്ടിക പുതുക്കാൻ ഈ മാസം 12 വരെ അവസരം.**

   **Local self-government offices in Kerala to remain open today and tomorrow for updating the voters' list as part of the local body election process. Opportunity to update the draft voters' list available until August 12.**

6. **അണ്ടർ 19 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ, ഏഴ് വനിതകൾ ഉൾപ്പെടെ 10 ഇന്ത്യൻ താരങ്ങൾ ഫൈനലിൽ.**

   **At the Under-19 Asian Boxing Championship, 10 Indian athletes—including 7 women—reach the finals.**

&&&&&&&&&&&&&&&&&&

## CABINET BRIEFING (INTRO)

പ്രധാനമന്ത്രി ഉജ്ജ്വല യോജന ഉപഭോക്താക്കൾക്കുള്ള സബ്സിഡി ആനുകൂല്യം 2025-26 സാമ്പത്തിക വർഷത്തിലും തുടരാൻ കേന്ദ്ര മന്ത്രിസഭായോഗത്തിൽ തീരുമാനം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പാചക സിലിണ്ടറുകൾ ലഭ്യമാക്കുന്ന പദ്ധതിയിലൂടെ ഇതുവരെ 10 കോടി 33 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ഇന്നലെ മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പാചകവാതക സിലിണ്ടർ പ്രതിവർഷം ഒമ്പത് തവണ വരെ റീഫിൽ ചെയ്യുന്നതിന് 300 രൂപ നിരക്കിൽ സബ്സിഡി ന ൽകും. പൊതുമേഖലാ എണ്ണ വിപണന കമ്പനികൾക്ക് 30,000 കോടി രൂപയുടെ നഷ്ടപരിഹാരത്തിന് സർക്കാർ അംഗീകാരം

നൽകിയതായും കേന്ദ്രമന്ത്രി പറഞ്ഞു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി 4,200 കോടി രൂപ അനുവദിക്കാനും മന്ത്രിസഭാ യോഗത്തിൽ ധാരണയായി.

(ഹോൾഡ് വോയ്സ്.......)

തമിഴ്നാട്ടിലെ മരക്കാനം മുതൽ പുതുച്ചേരി വരെയുള്ള നാലുവരി ദേശീയപാത നിർമാണത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും ശ്രീ വൈഷ്ണവ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## PM- PUTIN

പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി സംസാരിച്ചു. യുക്രെനുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ സംഭവവികാസങ്ങൾ റഷ്യൻ പ്രസിഡൻറ് പ്രധാനമന്ത്രിയോട് വിശദീകരിച്ചു. സംഘർഷം സമാധാനപരമായി പരിഹരിക്കുക എന്ന ഇന്ത്യയുടെ കാഴ്ചപ്പാട് പ്രധാനമന്ത്രി ആവർത്തിച്ചു. ഉഭയകക്ഷി സഹകരണത്തിലെ പുരോഗതി വിലയിരുത്തിയ നേതാക്കൾ ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനുള്ള പ്രതിജ്ഞാബദ്ധത ആവർത്തിച്ചു. 23-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ പുടിനെ ശ്രീ.മോദി ഇന്ത്യയിലേക്ക് ക്ഷണിച്ചു.

&&&&&&&&&&&&&&&&&&

## CHINA-INDIA-SCO SUMMIT

ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തെ ചൈന സ്വാഗതം ചെയ്തു.

ഐക്യദാർഢ്യത്തിന്റെയും സൗഹൃദത്തിന്റെയും ഒത്തുചേരലായിരിക്കും ഉച്ചകോടിയെന്ന് ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവ് ഗുവോ ജിയാകുൻ പറഞ്ഞു. ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 1 വരെ ചൈനയിലെ ടിയാൻജിനിലാണ് ഉച്ചകോടി നടക്കുന്നത്.

&&&&&&&&&&&&&&&&&&

## ECI RAHUL

വോട്ട് ചോർത്തൽ സംബന്ധിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഉന്നയിച്ച അവകാശവാദങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. വാർത്താ സമ്മേളനത്തിൽ അദ്ദേഹം ഉന്നയിച്ച വിഷയങ്ങൾ സത്യ പ്രസ്താവനയായി സമർപ്പിക്കണമെന്നും അല്ലെങ്കിൽ രാജ്യത്തോട് മാപ്പ് പറയണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. 2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ 36 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വോട്ടർ പട്ടിക തയ്യാറാക്കുമ്പോൾ കോൺഗ്രസ് ഒരു അപ്പീലും ഫയൽ ചെയ്തിട്ടില്ലെന്നും കമ്മീഷൻ വ്യക്തമാക്കി. മഹാരാഷ്ട്ര തിരഞ്ഞെടുപ്പ് വിഷയം സംബന്ധിച്ച് ഡിസംബറിൽ തന്നെ ശ്രീ.രാഹുൽ ഗാന്ധിയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും കമ്മീഷന്റെ വെബ്സൈറ്റിൽ ഇത് പരസ്യമായി ലഭ്യമാണെന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

## MANN KI BAATH

പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത് ഇതുവരെ 34 കോടിയിലധികം രൂപയുടെ വരുമാനം നേടിയതായി കേന്ദ്രസർക്കാർ. അധിക ചെലവുകൾ ഇല്ലാതെ നിലവിലെ ആഭ്യന്തരസൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ആകാശവാണി പരിപാടി നിർമിക്കുന്നതെന്ന് കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുകൻ രാജ്യസഭയിൽ

അറിയിച്ചു. ആകാശവാണി, ദൂരദർശൻ ചാനലുകൾക്ക് പുറമേ യൂട്യൂബിലും ഓ ടി ടി പ്ലാറ്റ്ഫോമായ വേവ്സിലും പരിപാടി തത്സമയം ലഭ്യമാണ്.

&&&&&&&&&&&&&&&&&&

## UTTARAKHAND

മിന്നൽ പ്രളയം ദുരന്തം വിതച്ച ഉത്തരാഖണ്ഡിലെ ഉത്തരകാശിയിൽ ധരാലി മേഖലയിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. ഇതുവരെ അറുനൂറോളം പേരെ ഉത്തരകാശിയിലേയ്ക്കും ഡെറാഡൂണിലേക്കും മാറ്റിയിട്ടുണ്ട്. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി വിലയിരുത്തി. പ്രദേശത്തേക്കുള്ള വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചു. അവശ്യസാധനങ്ങൾ ഹെലികോപ്റ്റർ മാർഗം വിതരണം ചെയ്യുന്നുണ്ട്.

&&&&&&&&&&&&&&&&&&

## NUCLEAR ENERGY MISSION MEET

100 ജിഗാവാട്ട് ശേഷിയുള്ള ആണവോർജ്ജ ദൗത്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ന്യൂഡൽഹിയിൽ സംയുക്ത ഉന്നതതല യോഗം ചേർന്നു. കേന്ദ്ര വൈദ്യുതി മന്ത്രി മനോഹർ ലാൽ ഖട്ടറും ആണവോർജ്ജ മന്ത്രി ജിതേന്ദ്ര സിങ്ങും പങ്കെടുത്തു. 2032 ആകുമ്പോഴേക്കും ഇന്ത്യയുടെ ആണവോർജ്ജ ശേഷി 22 ജിഗാവാട്ടായി ഉയർത്തുന്നതിനുള്ള കർമ്മ പദ്ധതി യോഗത്തിൽ ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

## RAILWAY TRAIN

ഏഷ്യയിലെതന്നെ ഏറ്റവും നീളം കൂടിയ ചരക്ക് തീവണ്ടിയുടെ പരീക്ഷണ ഓട്ടം വിജയകരമായി നടത്തി ഇന്ത്യൻ റെയിൽവേ.

നാലര കിലോമീറ്റർ നീളമുള്ള ചരക്ക് തീവണ്ടി രുദ്രാസ്ത്രയാണ് ഇന്നലെ ഉത്തർപ്രദേശിലെ ഗന്ധർ റെയിൽവേ സ്റ്റേഷനിൽ നിന്ന് ജാർഖണ്ഡിലെ ഗർവ്വ വരെ പരീക്ഷണാടിസ്ഥാനത്തിൽ സർവീസ് നടത്തിയത്. 209 കിലോമീറ്റർ ദൂരം ഏകദേശം അഞ്ചുമണിക്കൂർ 10 മിനിറ്റിനുള്ളിൽ ആണ് തീവണ്ടി പിന്നിട്ടത്. പരീക്ഷണ ഓട്ടത്തിന്റെ വീഡിയോ കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ് സമൂഹ മാധ്യമത്തിൽ പങ്കുവെച്ചു.

&&&&&&&&&&&&&&&&&&

## HAR GHAR THIRANGA

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" ക്യാമ്പൻ പുരോഗമിക്കുന്നു. ഓഗസ്റ്റ് 15 വരെയാണ് ക്യാമ്പയിൻ. പരിപാടിയുടെ ഭാഗമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. ലഡാക്കിൽ ഇന്നലെ പ്രത്യേക ശുചീകരണ പരിപാടിയ്ക്ക് തുടക്കം കുറിച്ചു. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് സാൻസ്കർ മുഹമ്മദ് ഹസ്സൻ പരിപാടി ഫ്ലാഗ് ഓഫ് ചെയ്തു. കേരളത്തിൽ കൊയിലാണ്ടി നഗരസഭയിൽ 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' ക്യാമ്പയിൻ ഉദ്ഘാടനം നടന്നു. സെക്രട്ടറി എസ് പ്രദീപിൽനിന്ന് പോസ്റ്റർ ഏറ്റുവാങ്ങി ചെയർപേഴ്സൺ സുധാ കിഴക്കേപ്പാട്ട് ഉദ്ഘാടനം നിർവഹിച്ചു.

&&&&&&&&&&&&&&&&&&

## BYTE-NITIN GADKARI (INTRO)

ഈ വർഷം അവസാനത്തോടെ രാജ്യത്തിന്റെ ചരക്കുനീക്ക ചെലവ് ഒൻപത് ശതമാനമായി കുറയുമെന്ന് കേന്ദ്ര ഗതാഗതമന്ത്രി നിതിൻ ഗഡ്കരി. രാജ്യത്തെ റോഡ് അടിസ്ഥാന സൗകര്യങ്ങളിലെ ഗണ്യമായ പുരോഗതിയാണ് ഇതിന് കാരണമെന്നും കയറ്റുമതി

മേഖലയ്ക്ക് ഇത് വലിയ ഉത്തേജനം നൽകുമെന്നും കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു.

(ബൈറ്റ് - നിതിൻ ഗഡ്കരി)

&&&&&&&&&&&&&&&&&&

## VOTERS LIST – KERALA

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും നാളെയും തുറന്നു പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## ASIAN BOXING U-19

ബാങ്കോക്കിൽ നടക്കുന്ന അണ്ടർ 19 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ, ഏഴ് വനിതകൾ ഉൾപ്പെടെ 10 ഇന്ത്യൻ താരങ്ങൾ ഫൈനലിൽ പ്രവേശിച്ചു. വനിതാ ബോക്സർമാരായ നിഷ ,മുസ്കാൻ, വിനി , നിഷ, ആരതി കുമാരി, പാർച്ചി ടോകാസ് , പുരുഷ വിഭാഗത്തിൽ മൗസം സുഹാഗ്, രാഹുൽ കുണ്ടു, ഹേമന്ത് സാങ്‌വാൻ എന്നിവരാണ് ഫൈനലിലെത്തിയത്. 80 കിലോഗ്രാം വിഭാഗത്തിൽ കൃതിക നേരിട്ട് ഫൈനലിൽ പ്രവേശിച്ചു.

&&&&&&&&&&&&&&&&&&

## TRUMP-PUTIN MEETING

റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിനുമായി ഈ മാസം 15 ന് ചർച്ച നടത്തുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. സമൂഹമാധ്യമ പോസ്റ്റിലാണ് ട്രംപ് ഇക്കാര്യം വ്യക്തമാക്കിയത്. അലാസ്കയിലായിരിക്കും കൂടിക്കാഴ്ച എന്നും യുക്രൈനിലെ യുദ്ധം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമെന്നും ട്രംപ് സ്ഥിരീകരിച്ചു. അമേരിക്കൻ പ്രസിഡൻറുമായി ചർച്ച നടത്തുമെന്ന് പുടിൻ നേരത്തെ അറിയിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## US UK PALASTEIN

പലസ്തീനെ ഒരു രാഷ്ട്രമായി അംഗീകരിക്കാൻ അമേരിക്ക തയ്യാറല്ലെന്ന് വൈസ് പ്രസിഡന്റ് ജെ ഡി വാൻസ്. ഇസ്രയേലി പൗരന്മാർ വീണ്ടും ആക്രമിക്കപ്പെടാതിരിക്കാനും ഗാസയിലെ മാനുഷിക പ്രതിസന്ധി പരിഹരിക്കാനും ഹമാസിനെ ഉന്മൂലനം ചെയ്യുകയാണ് വേണ്ടതെന്ന് യു.എസ് വൈസ് പ്രസിഡന്റ് പറഞ്ഞു. അതേസമയം, മുന്നോട്ട് വെച്ച നിബന്ധനകൾ ഇസ്രയേൽ പാലിച്ചില്ലെങ്കിൽ വരുന്ന സെപ്റ്റംബറിൽ പലസ്തീനെ ഒരു രാഷ്ട്രമായി അംഗീകരിക്കുമെന്ന് ബ്രിട്ടൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## INDIA-US DEFENCE DEAL

യു.എസിൽ നിന്ന് പ്രതിരോധ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ത്യ താൽക്കാലികമായി നിർത്തിവച്ചതായുള്ള വാർത്തകൾ പ്രതിരോധ മന്ത്രാലയം നിഷേധിച്ചു. ഈ റിപ്പോർട്ടുകൾ വ്യാജമാണെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. നിലവിലുള്ള നടപടിക്രമങ്ങൾക്കനുസൃതമായുള്ള വാങ്ങൽ പ്രക്രിയ പുരോഗമിക്കുന്നുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## WAVES-MAGAZINE STORE LAUNCH

പ്രേക്ഷകർക്ക് വാർത്തകൾ, വിദ്യാഭ്യാസ- വിനോദ പരിപാടികൾ എന്നിവ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പ്രസാർ ഭാരതി നടത്തിവരുന്നതായി പ്രസാർ ഭാരതി സിഇഒ ഗൗരവ് ദ്വിവേദി. ന്യൂഡൽഹിയിൽ വേവ്സ് ഒടിടി പ്ലാറ്റ്ഫോമിലെ

മാഗസിൻ സ്റ്റോർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## RAKSHA BANDHAN

സഹോദരീ-സഹോദരന്മാർ തമ്മിലുള്ള ഊഷ്മള ബന്ധത്തിന്റെ ഉത്സവമായ രക്ഷാ ബന്ധൻ ഇന്ന് രാജ്യമെമ്പാടും ആഘോഷിക്കുന്നു. ഉത്സവത്തിനോട് അനുബന്ധിച്ച്സഹോദരന്മാരുടെ കൈത്തണ്ടയിൽ രാഖി കെട്ടി അവരുടെ അഭിവൃദ്ധിക്കായി പ്രാർത്ഥിക്കുമ്പോൾ പുരുഷന്മാർ സഹോദരിമാരുടെ സംരക്ഷണത്തിനായുള്ള പ്രതിജ്ഞയെടുക്കുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&